**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **29-08-2022 - ൽ മറുപടിയ്ക്ക്**

**അപകടകരമായ വൻമരങ്ങൾ മുറിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ തിരുവനന്തപുരം ചെങ്കോട്ട പാതയിലെ അപകടകരമായി നിൽക്കുന്ന വൻമരങ്ങൾ വീണ് ഇവിടെ തുടർച്ചയായി അപകടങ്ങളും ഗതാഗത തടസ്സവും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരക്കേറിയ കേരള-തമിഴ്നാട് പാതയായ ഇവിടെ സ്ഥിരമായി മരങ്ങൾ വീണ് റോഡ് ഗതാഗതവും വൈദ്യുതിയും തടസ്സപ്പെടുന്നതിനാൽ അപകടകരമായി നിൽക്കുന്ന വൻമരങ്ങൾ മുറിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | വനം വകുപ്പിന്റെ അധീനതയിൽ തെന്മല ഡിവിഷൻ പരിധിയിൽ ദേശീയ പാത 744-ന്റെ തെന്മല ജംഗ്ഷൻ മുതൽ കോട്ടവാസൽ വരെയുള്ള ഭാഗത്തിന്റെ ഇരുവശങ്ങളിലുമായി അപകടകരമായി നിന്ന 21 മരങ്ങൾ കൊല്ലം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശയിന്മേൽ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അപകടകരമായി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള 20 മരങ്ങൾ കൂടി മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | അപകടകരമായി നിൽക്കുന്ന മേൽ 20 മരങ്ങൾ കൂടി മുറിച്ചു മാറ്റുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചുള്ളതും ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ